ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

DME
മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം
DIRECTORATE OF MEDICAL EDUCATION

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം-695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ. ബി4/5012/2021/മെ.വി.വ.** **തീയതി: 28.01.2022**

## വിജ്ഞാപനം

### പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സ് 2021-22
### (സർവീസ് ക്വാട്ട പ്രവേശനം)

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സിന്റെ സർവീസ് ക്വാട്ട പ്രവേശനത്തിനായി അപേക്ഷിച്ചവരുടെ താൽകാലിക റാങ്ക് ലിസ്റ്റ് മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിലും ഡി.എം.ഇ. യുടെ വെബ് സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ 2022 **ജനുവരി മാസം 31 ന വൈകിട്ട് 5.00 മണിക്ക്** മുൻപായി അതോടൊപ്പം ചേർത്തിട്ടുള്ള ഇ-മെയിൽ വിലാസത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

പ്രസ്തുത കോഴ്സിന്റെ അന്തിമ ലിസ്റ്റ് 2022 **ഫെബ്രുവരി മാസം 1 ന** പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത കോഴ്സിൽ പ്രവേശനം ലഭിക്കുന്നവർ 2022 **ഫെബ്രുവരി 4, 5** തീയതികളിൽ ഏതിലെങ്കിലും **രാവിലെ 10 മുതൽ വൈകിട്ട് 4 വരെ**യുള്ള സമയത്തിനുള്ളിൽ തിരുവനന്തപുരം മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ നേരിട്ടെത്തി അലോട്ട്മെന്റ് മെമ്മോ കൈപ്പറ്റേണ്ടാതാണ്.

അഡ്മിഷന് പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന അസൽ സര് ട്ടിഫികറ്റുകൾ ഹാജരാക്കേണ്ടതാണ്. അലോട്ട്മെന്റ് കത്ത് ലഭിക്കുന്നവർ **07.02.2022, 08.02.2022** തീയതികളിൽ അതാതു നഴ്സിംഗ് കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

കോവിഡ്- 19 ൻറെ പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പ് പുറത്തിറക്കിയിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പൂർണമായും പാലിച്ചു കൊണ്ടായിരിക്കും അലോട്ട്മെന്റ് നടത്തുന്നത്.
വിശദ വിവരങ്ങൾക്ക് **www.dme.kerala.gov.in** എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

വിശ്വസ്തതയോടെ,

ഡയറക്ടർക്കു വേണ്ടി

പകർപ്പ്: 1. പ്രിൻസിപ്പൽ, സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം/എറണാകുളം

2.ഡി.എം.ഇ./ജെ.ഡി.എം.ഇ.(എം. & ജി.)/ജെ.ഡി.എൻ.ഇ. (സി.എ. മുഖേന)

3. എ.എ.3/ സീനിയർ സൂപ്രണ്ട് (ബി സെക്ഷൻ), ഡി.എം.ഇ. ഓഫീസ്

4. നോട്ടീസ് ബോർഡ്

5. സർജെന്റ്,ഡി.എം.ഇ. ഓഫീസ്